# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 130**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ദൈവജനത്തിന് ആദ്ധ്യാത്മിക വെളിച്ചം പകർന്ന് നൽകി അവരെ സുവിശേഷ സാക്ഷ്യത്തിൽ നിലനിർത്തുന്നതിനും ഫലകരമായ ഇടയശുശ്രൂഷ നിർവഹിക്കുന്നതിനും നിയോഗിതരായ നമ്മുടെ എല്ലാ വൈദീകരെയും ഓർത്ത് സ്തോത്രം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അവരുടെ ശുശ്രൂഷ പരിശുദ്ധാത്മ പ്രേരിതവും, ഏവർക്കും അനുഗ്രഹപ്രദവും ആയിത്തീരട്ടെ.

2024 ജൂൺ മാസം 9-ാം തീയതി ഞായറാഴ്ച സഭയായി നാം പട്ടക്കാരുടെ ചികിത്സാ സഹായ നിധിയിലേക്കുള്ള സ്തോത്രകാഴ്ച ശേഖരണം നടത്തുന്നതിനായി വേർതിരിച്ചിരിക്കുന്ന ദിനമാണ്. സഭയിലെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. ചികിത്സയിൽ അവരെ സഹായിക്കുന്നതിനു വേണ്ടിയാണ് ഈ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. OP ചികിത്സയുടെ സഹായധനം 35,000 രൂപായും IP ചികിത്സയുടെ സഹായധനം ഗ്രൂപ്പ് ഇൻഷുറൻസിലൂടെ 3 ലക്ഷം രൂപായും പരമാവധി കവറേജ് ലഭിക്കുന്നതാണ്. 85 വയസ്സിനു മുകളിലുള്ള പട്ടക്കാർക്ക് സഭാ ആഫീസിൽ നിന്നുള്ള പ്രത്യേക മെഡിക്കൽ എയ്ഡ് സ്കീം തുടരുന്നതാണ്.

ജൂൺ മാസം 9-ാം തീയതി ഞായറാഴ്ച ശുശ്രൂഷാമദ്ധ്യേ കവറുകളിൽ ലഭിക്കുന്നതുൾപ്പടെ സ്തോത്രകാഴ്ച പൂർണ്ണമായും, ഇതിനായി ശേഖരിക്കുന്ന പ്രത്യേക സംഭാവനകളും താമസംവിനാ സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. സ്തോത്രകാഴ്ച ഇനത്തിൽ ഈ വർഷം 40 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. സ്തോത്രകാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണം.

ഓരോ പട്ടക്കാരനും അടിസ്ഥാന ശമ്പളത്തിന്റെ 4% വും അച്ചന്മാർ ശുശ്രൂഷ ചെയ്യുന്ന ഇടവക/സ്ഥാപനം അടിസ്ഥാന ശമ്പളത്തിന്റെ 4% വും വരിസംഖ്യയായി ചികിത്സാ സഹായ നിധിയിലേക്ക് അതാത് മാസത്തിന്റെ 30-ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. വരിസംഖ്യ മുൻകൂറായും അടയ്ക്കാവുന്നതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാസഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. കുടിശ്ശിക ഇല്ലാതെ കൃത്യമായി വരിസംഖ്യ അടയ്ക്കുന്ന പട്ടക്കാർക്ക് മാത്രമേ ഈ പദ്ധതിയിൽനിന്നും സഹായധനം ലഭിക്കുകയുള്ളു എന്നും ഓർമ്മിപ്പിക്കുന്നു. ഇന്ത്യയ്ക്ക് വെളിയിലുള്ള ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാർ തങ്ങൾക്ക് ലഭ്യമാകുന്ന അലവൻസുകൾ ഉൾപ്പടെയുള്ള മുഴുവൻ ശമ്പളത്തിൽ നിന്നും 2% തുക ഈ ചികിത്സാ സഹായ നിധിയിൽ അടയ്ക്കേണ്ടതാണ്. സജീവ സേവനത്തിൽ നിന്ന് വിരമിച്ച പട്ടക്കാരുടെ വിഹിതം മുൻ പതിവുപോലെ തുടരുന്നതാണ്.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവനാമ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 മേയ് 11-ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**